പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5169 22.05.2017-ലെ മറുപടി

വാട്ടർ അതോറിറ്റിയുടെ ജലസംഭരണികളിലെ ഗുണനിലവാര പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>,, വി.എസ്.ശിവകുമാർ<br>,, കെ.സി.ജോസഫ്<br>,, കെ.മുരളീധരൻ : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയുടെ ജല സംഭരണികളുടെ ഗുണ നിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | എ | നിലവിൽ ജലസംഭരണികൾ (ഉപരിതല/ ഭൂതല/സമ്പ്) നിർമ്മിക്കുന്നത് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് (ആർ.സി.സി) ഉപയോഗിച്ചാണ്. രൂപകല്പന ജലഅതോറിറ്റിയുടെ കൺസൽട്ടൻസി വിഭാഗത്തിന്റെ അംഗീകാരത്തിന് ശേഷമാണ് നിർമ്മാണത്തിന് നൽകുന്നത്.<br><br>നിർമ്മാണത്തിന്റെ മേൽനോട്ടവും ഗുണമേൻമയും ഉറപ്പാക്കുന്നത് ബന്ധപ്പെട്ട പ്രോജക്ട് ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ഓവർസിയർ വരെയുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരാണ്. നിലവിലെ IS 456: 2000 പ്രകാരം ഉള്ള ഡിസൈൻ മിക്സ് കോൺക്രീറ്റ് തയ്യാറാക്കി ലാബുകളിൽ ആവശ്യമായ പരിശോധന നടത്തി സർട്ടിഫിക്കേഷനുശേഷമാണ് നിർമ്മാണത്തിന് പ്രസ്തുത കോൺക്രീറ്റ് മിക്സ് ഉപയോഗിക്കാൻ അനുമതി നൽകുന്നത്.<br><br>നിർമ്മാണ വേളയിൽ ഓരോ ബാച്ച് കോൺക്രീറ്റിന്റെയും ക്യൂബുകൾ തയ്യാറാക്കി IS നിഷ്കർഷിക്കുന്ന പരിശോധനകൾക്ക് വിധേയമാക്കി കോൺക്രീറ്റിന്റെ ഉറപ്പ് നിശ്ചയിക്കുന്നു. ഇപ്രകാരം ആവശ്യമായ മേൽനോട്ടത്തിലും ഗുണ നിലവാരത്തിലും നിർമ്മിക്കുന്ന സംഭരണികൾ വെള്ളം നിറച്ച് ലീക്ക് പ്രൂഫ് ടെസ്റ്റ് നടത്തി ചോർച്ചയില്ലെന്ന് ഉറപ്പാക്കിയാണ് പദ്ധതിക്കായി ഉപയോഗിച്ചു തുടങ്ങുന്നത്. ഉപയോഗത്തിലുള്ള ജല സംഭരണികളുടെ ചോർച്ച ഉൾപ്പെടെയുള്ള ഗുണനിലവാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥർ നിരന്തരം നിരീക്ഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| ബി | ഇവയുടെ ഗുണനിലവാര പരിശോധന ആരാണ് നടത്തുന്നത്; | ബി | ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. പ്രത്യേക വിദഗ്ധ പരിശോധന ആവശ്യമുള്ളപ്പോൾ ജലഅതോറിറ്റിയുടെ കൺസൾട്ടൻസി വിഭാഗമായ വാസ്കോണിൽ നിന്നും എഞ്ചിനീയർമാർ ആവശ്യമായ പരിശോധന നടത്തി നിർദ്ദേശങ്ങൾ നൽകാറുണ്ട്. |
| സി | സംസ്ഥാനത്ത് എത്ര ജലസംഭരണികൾ ഉണ്ടെന്ന വെളിപ്പെടുത്തുമോ ; | സി | സംസ്ഥാനത്ത് ആകെ 2056 ജലസംഭരണികൾ ഉണ്ട്. |
| ഡി | എല്ലാ ജലസംഭരണികളുടെയും ഗുണനിലവാര പരിശോധന നടത്താൻ നടപടി കൈക്കൊള്ളുമോ? | ഡി | എല്ലാ ജലസംഭരണികളിലും നിശ്ചിത ഇടവേളകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗുണനിലവാര പരിശോധന നടത്താറുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ